**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 100** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രസിഡന്റ് പോലീസ് കസ്റ്റഡിയിൽ മർദ്ദനത്തിനിരയായ സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഒരു വ്യക്തിയെ പോലീസ് കസ്റ്റഡിയിലെടുക്കുമ്പോൾ നിയമപരമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രമുഖ പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രസിഡന്റിനെ 2023-ൽ കുന്ദംകുളം പോലീസ്, കസ്റ്റഡിയിൽ എടുത്തപ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** Bharatiya Nagarik Suraksha Sanhita 2023, (BNSS), Police Manual, D.K.Basu Vs State of West Bengal, എന്നിവയിൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് ഒരു വ്യക്തിയെ പോലീസ് കസ്റ്റഡിയിൽ എടുക്കുന്നത്. കൂടാതെ പോലീസ് ആസ്ഥാനത്ത് നിന്നും 30.04.2025 തീയതിയിലെ D1-83045/2025/PHQ നമ്പർ പ്രകാരം പ്രതികളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങളെ കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

2023 ൽ കാണിപ്പയ്യൂർ വലിയപറമ്പിൽ വീട്ടിൽ സുരേഷ് മകൻ സുജിത്ത് എന്നയാളെ കസ്റ്റഡിയിലെടുക്കുമ്പോൾ പ്രസ്തുത നടപടികൾ പാലിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത വ്യക്തി പോലീസ് കസ്റ്റഡിയിൽ മർദ്ദനത്തിനിരയായ സംഭവത്തിൽ പോലീസിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഓരോ പരാതിയിലും എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് പോലീസ് ആഭ്യന്തര അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംഭവവുമായി ബന്ധപ്പെട്ട് പോലീസിന് 9 പരാതികൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 12.04.2023 തീയതി കാണിപ്പയ്യൂർ വലിയപറമ്പിൽ വീട്ടിൽ സുരേഷ് മകൻ സുജിത്തിനെ കുന്നംകുളം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നാരോപിച്ച് തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച പരാതിയിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ഡി.സി.ആർ.ബി തൃശ്ശൂർ വിശദമായ അന്വേഷണം നടത്തി 15.05.2023 തീയതി പരാതിക്കാരനായ ശ്രീ.സുജിത്തിന് മർദ്ദനമേറ്റിട്ടുള്ളതായി കാണിച്ച് തയ്യാറാക്കിയ റിപ്പോർട്ട് തുടർ നടപടികൾക്കായി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും തൃശ്ശൂർ റേഞ്ച് ഡി.ഐ.ജിയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി-യുടെ ഉത്തരവ് അനുസരിച്ച് തൃശ്ശൂർ സബ്ബ് ഡിവിഷൻ അസ്സിസ്റ്റന്റ് പോലീസ്

കമ്മിഷണർ ടി റിപ്പോർട്ടിന്മേൽ വാച്യാന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ.നഹ്മാൻ, ശ്രീ.സന്ദീപ്, ശ്രീ.സജീവൻ എന്നിവർക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതായി പറഞ്ഞിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ.നഹ്മാൻ, ശ്രീ.സന്ദീപ്, ശ്രീ.സജീവൻ എന്നിവരുടെ ശമ്പളത്തിന്റെ വാർഷിക വേതന വർദ്ധനവ് 2 വർഷത്തേക്ക് സഞ്ചിത സ്വഭാവത്തോടെ അല്ലാതെ തടഞ്ഞു വെച്ചുകൊണ്ട് തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആരോപിത കുറ്റങ്ങൾ തെളിയാതിരുന്നതിനാൽ ശ്രീ.ശശിധരൻ, ശ്രീ.സുഹൈർ എന്നിവരെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ പിന്നീട് ടി വിഷയം സംബന്ധിച്ച് നോർത്ത് സോൺ ചുമതലയുള്ള ഐ.ജി.പി യുടെ നം.A2-13482/2025/NZ തീയതി 06.09.2025-ലെ ഉത്തരവ് പ്രകാരം മേൽ സംഭവത്തിലെ ആരോപണ വിധേയരായ പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ.നഹ്മാൻ, CPO ശ്രീ.ശശിധരൻ, CPO ശ്രീ.സജീവൻ, CPO ശ്രീ.സന്ദീപ് എന്നിവർക്കെതിരെയുള്ള വകുപ്പുതല നടപടി പുന:പരിശോധിക്കുന്നതിനും ടിയാന്മാരെ സസ്പെൻഡ് ചെയ്യുന്നതിനും ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വകുപ്പുതല നടപടിയുടെ പുനഃപരിശോധനാ നടപടികൾ ഉത്തരമേഖലാ ഐ.ജി. യുടെ കാര്യാലയത്തിൽ നിലവിൽ പുരോഗമിച്ചു വരുകയാണ്.

2) ശ്രീ. സുജിത്ത്. വി.എസ് ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച പരാതിയിലെ സമാന വിഷയം സംബന്ധിച്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ഡി.സി.ആർ.ബി തൃശ്ശൂർ (No.817/CAMP/PTN/DPC-CITY/2023 Dated 12.04.2023) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നതിനാൽ ഈ പരാതിയിൽ മറ്റൊരു അന്വേഷണം നടത്തിയിട്ടില്ലാത്തതാണ്. കുറ്റാരോപിതർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി ഉത്തരവായിരുന്നതും (A2-13183/2023/TSR dated 26.07.2023) ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ സബ്ബ് ഡിവിഷൻ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ വാച്യാന്വേഷണം നടത്തി വരുന്നതുമാണെന്ന് (No.G5-26089/2023/RC dated 16.06.2023) ബഹു. സംസ്ഥാനമനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് നല്കിയിട്ടുള്ളതാണ്.

3) ശ്രീ. സുജിത് വി.എസ് 03/08/2023-ൽ ബഹു.ഗവർണറുടെ ഓഫീസിൽ സമർപ്പിച്ച പരാതി പോലീസ് ആസ്ഥാനത്തിലേയ്ക്ക് ലഭ്യമായത് 25-09-2023-ലെ K3-163854/2023/PHQ നമ്പർ മേലെഴുത്ത് പ്രകാരം അന്വേഷണത്തിനായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയ്ക്ക് അയച്ചു നൽകിയിട്ടുണ്ട്. ഇതിലേക്ക് തൃശ്ശൂർ സിറ്റി ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ അസി.പോലീസ് കമ്മീഷണർ, അന്വേഷണം നടത്തിയിട്ടുള്ളതും, തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറിൽ നിന്നും 27.09.2023 തീയതിയിൽ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതുമാണ്.

4) ശ്രീ. സുജിത് വി.എസ് 15.05.2023-ൽ സമർപ്പിച്ച പരാതി, 23-05-2023-ലെ നം./K3-82958/2023/PHQ മേലെഴുത്ത് പ്രകാരം അന്വേഷണത്തിനായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയ്ക്ക് അയച്ചു നൽകിയിട്ടുള്ളതാണ്.

5) ശ്രീ. സുജിത് വി.എസ് 05.04.2025-ൽ സമർപ്പിച്ച പരാതി, 20-04-2025-ലെ K3-73645/2025/PHQ മേലെഴുത്ത് പ്രകാരം അന്വേഷണത്തിനായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയ്ക്ക് അയച്ചു നൽകിയിട്ടുള്ളതാണ്.

6) കുന്നംകുളം സ്റ്റേഷനിലെ കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട ശ്രീ.വി.ഡി.സതീശൻ പോലീസ് ആസ്ഥാനത്ത് നൽകിയ പരാതി തൃശ്ശൂർ റേഞ്ച് ഡി.ഐ.ജിയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അയച്ചുകൊടുത്തിട്ടുണ്ട്.

7) ശ്രീ.ജോൺ ഡാനിയേൽ പോലീസ് ആസ്ഥാനത്ത് നൽകിയ പരാതി എസ് പി സ്പെഷ്യൽ സെല്ലിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അയച്ചു കൊടുത്തിട്ടുണ്ട്.

8) ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.വി.എം.സുധീരൻ മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി 11/09/2025 തീയതിയിൽ തൃശ്ശൂർ റേഞ്ച് ഡിഐജി ക്ക് അയച്ചു നൽകിയിട്ടുണ്ട്.

9) ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതി മുൻപാകെ ശ്രീ.സുജിത്ത് വി എസ് സമർപ്പിച്ച പരാതിയിന്മേൽ പോലീസ് ആസ്ഥാനത്ത് നിന്ന് ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് ടിയാൻ സമർപ്പിച്ച പ്രതികരണ ഹർജിയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത വ്യക്തിയെ പോലീസ് ഉദ്യോഗസ്ഥർ മർദ്ദിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്ന സാഹചര്യത്തിൽ കുറ്റവാളികളായ മുഴുവൻ ഉദ്യോഗസ്ഥരെയും സർവീസിൽ നിന്ന് പിരിച്ചുവിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ശ്രീ.സുജിത്ത് 22.04.2023-ന് ബഹു.കുന്നംകുളം JFCM കോടതിയിൽ ഒരു അന്യായം (Crl.MP.No.1688/2023) ഫയൽ ചെയ്തിട്ടുള്ളതും ടി പരാതിയിൽ ബഹു. കോടതി നേരിട്ട് അന്വേഷണം നടത്തി പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ.നുഹ്മാൻ, ശ്രീ.സന്ദീപ്, ശ്രീ.ശശിധരൻ, ശ്രീ.സജീവൻ എന്നിവർക്കെതിരെ 26.06.2025-ന് COGNIZANCEഎടുത്തിട്ടുള്ളതുമാണ്. നിലവിൽ ടി കേസ് CC.494/2025 U/s 323, 324, 34 IPC ആയി ബഹു.കോടതിയിൽ നടപടികൾ തുടർന്നു വരുന്നതും കേസിന്റെ അടുത്ത വിചാരണ 17.09.2025 തീയതിയിലുമാണ്. ടി കേസ് ബഹു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ ബഹു.കോടതി വിധി വരുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**